**KCBC Circular**
**3 / 2014**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 16 - 08 - 2014

## പ്രാർത്ഥനാദിനം
## 2014 ഓഗസ്റ്റ് 17/24

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവസ്നേഹത്തിലൂന്നിയ മനുഷ്യസ്നേഹമാണ് എല്ലാ മതങ്ങളുടെയും കാതൽ. അതിനാൽത്തന്നെ, സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും പാതയിലൂടെ നിത്യജീവനിലേക്ക് നടക്കാൻ മനുഷ്യനെ സഹായിക്കുക എന്ന കർത്തവ്യമാണ് എല്ലാ മതങ്ങൾക്കുമുള്ളത്. സഹോദരനെതിരേ വാളുയർത്തുന്നവൻ "നിന്റെ സഹോദരനെവിടെ?" (ഉത്പ. 4:9) എന്ന ദൈവശബ്ദത്തിന് മറുപടി പറയേണ്ടി വരും.

എന്നാൽ, ഇന്ന് ഒരുഭാഗത്ത് സാംസ്കാരികമൂല്യങ്ങളും മതവിശ്വാസങ്ങളും നഷ്ടപ്പെടുകയും മനുഷ്യൻ ധാർമിക അധഃപതനത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്യുമ്പോൾ, മറുഭാഗത്ത് മതാന്ധതയും സാംസ്കാരിക അസഹിഷ്ണുതയും മനുഷ്യനെ അക്രമമാർഗങ്ങളിലേക്കു തള്ളിവിടുന്നു. മനുഷ്യവംശത്തിന്റെ നിലനില്പുതന്നെ അപകടപ്പെടുത്തുംവിധമുള്ള ഭീകരമായ ഒരവസ്ഥ സംജാതമായിരിക്കുന്നു.

അനേകം നൂറ്റാണ്ടുകൾ ക്രിസ്ത്യാനികളും മുസ്ലീങ്ങളും മറ്റു മതവിഭാഗങ്ങളും സമാധാനപൂർവം സഹവർത്തിച്ചിരുന്ന ഇറാക്കിന്റെ വടക്കൻ പ്രവിശ്യകളിൽ നിന്ന് പതിനായിരക്കണക്കിന് ക്രൈസ്തവരും യാസ്സീദികളുമുൾപ്പെടുന്ന ന്യൂനപക്ഷങ്ങൾക്ക് വീടുവിട്ടോടേണ്ടിവരുന്നു. വീടുകളും കച്ചവടകേന്ദ്രങ്ങളും കൊള്ളയടിക്കപ്പെടുകയും ആരാധനാലയങ്ങൾ അഗ്നിക്കിരയാവുകയും ചെയ്യുന്നു. സ്ത്രീകളും കുട്ടികളും എല്ലാത്തരത്തിലുമുള്ള പീഡനങ്ങൾക്കും ഭീകരതയ്ക്കും ഇരകളായിക്കൊണ്ടിരിക്കുന്നു. മതതീവ്രവാദികളായ ഒരുപറ്റം അക്രമികൾ തങ്ങൾ പിടിച്ചെടുത്ത ഇറാക്കിന്റെയും സിറിയയുടെയും ഭൂഭാഗങ്ങൾ ചേർത്ത് ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഒരു കാലിഫേറ്റ് സ്ഥാപിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി മുന്നേറുന്നു. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏതാനും ലോകരാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പരിമിതമായ മിലിട്ടറി ഇടപെടലുകളും ഇനിയും ഫലം കണ്ടുതുടങ്ങിയിട്ടില്ല.

ഓഗസ്റ്റ് മാസം 10-ാം തീയതി ഞായറാഴ്ച ആഞ്ചലൂസ് പ്രാർത്ഥനയ്ക്കുശേഷം ലോകത്തോടു പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പങ്കുവച്ച വാക്കുകളിൽ ഒരു വലിയ പ്രവാചകശബ്ദം നിറഞ്ഞുനില്ക്കുന്നുണ്ട്. ഇറാക്കിൽ ക്രൈസ്തവരുൾപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കു നേരേ നടക്കുന്ന അക്രമങ്ങളെ അപലപിച്ചുകൊണ്ട് പരിശുദ്ധ പിതാവു പറഞ്ഞു: "മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൂക്ഷിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാകയുമരുത്." അദ്ദേഹം തുടരുന്നു. "ഇറാക്കിൽ നിന്നും ലഭിക്കുന്ന വാർത്തകൾ ഞെട്ടിക്കുന്നതും വിശ്വസിക്കാൻ കഴിയാത്തതുമാണ്. ക്രൈസ്തവരുൾപ്പെടെ മതന്യൂനപക്ഷങ്ങളായ ആയിരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് അവർ ലക്ഷ്യമില്ലാതെ പലായനം ചെയ്യുന്നു. രക്ഷപ്പെടുന്നതിനിടയിൽ കുഞ്ഞുങ്ങൾ വിശപ്പും ദാഹവുംകൊണ്ട് മരിച്ചുവീഴുന്നു. സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ടുപോയി എല്ലാത്തരം ക്രൂരതകൾക്കും വിധേയരാക്കുന്നു. മതസ്വാതന്ത്ര്യം നിഷേധിക്കുന്നു. ചരിത്രപരവും സാംസ്കാരികവുമായ സർവതും തകർക്കപ്പെടുന്നു."

"ദൈവം തന്ന അമൂല്യജീവനെ സംരക്ഷിക്കാൻ കടപ്പെട്ടവർ അതിനെ നിഷ്കരുണം ചവിട്ടി മെതിക്കുന്നു. ആയുധം താഴെയിടുവാൻ പഠിപ്പിക്കുന്ന മതങ്ങൾ ഇവിടെ ശക്തിപ്രാപിക്കണം. സഹോദരനെ തോളോടു ചേർത്ത് ആശ്വസിപ്പിക്കുന്ന മതനേതാക്കൾ ഉണർന്നെഴുന്നേല്ക്കണം. വൈരാഗ്യത്തിന്റെയും ക്രൂരതയുടെയും മുഖംമൂടികൾ അഴിച്ചെടുത്തെങ്കിലേ ഇവിടെ ഒരു പുതിയ ഭൂമിയും പുതിയ ആകാശവും പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ. സമാധാനശ്രമങ്ങളും പ്രാർത്ഥനയുമാണ് അക്രമത്തിനെതിരേയുള്ള ഏറ്റവും ഫലപ്രദമായ ആയുധം. മനുഷ്യനന്മയിലുള്ള വിശ്വാസം നഷ്ടപ്പെടാതെ, ദൈവത്തിലാശ്രയിച്ച് നമുക്ക് പ്രാർത്ഥിക്കാം. മനുഷ്യരാശിക്കുനേരേ ഇറാക്കിലും സിറിയയിലും ഗാസ്സയിലും നടക്കുന്ന അക്രമങ്ങളെ സർവശക്തിയോടുംകൂടെ നമുക്ക് അപലപിക്കാം."

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനം സ്വീകരിച്ച് കേരളസഭയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും 2014 ഓഗസ്റ്റ് 17 ഞായറാഴ്ചയോ 24 ഞായറാഴ്ചയോ പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് കെസിബിസി ആഹ്വാനം ചെയ്യുന്നു. പീഡനങ്ങളേറ്റ് മരിച്ചുവീണ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ആത്മാ

ക്കളെ പരിശുദ്ധ അൾത്താരയിൽ സമർപ്പിക്കാം. അക്രമത്തിനിരയായവരുടെ നീതിക്കുവേണ്ടിയുള്ള നിലവിളി ദൈവസന്നിധിയിൽ സ്വീകൃതമാകുന്നതിനുവേണ്ടി അവരോട് നമുക്കു ചേർന്നു നില്ക്കാം. വീടും സമ്പാദ്യവും ആരാധനാലയങ്ങളും പിറന്ന മണ്ണുമുപേക്ഷിച്ച് പലായനം ചെയ്യുന്ന മാതാപിതാക്കളെയും മക്കളെയും സഹോദരങ്ങളെയും നമ്മുടെ ഹൃദയത്തോടുചേർത്ത് പ്രാർത്ഥിക്കാം. ദൈവാലയങ്ങളും ആശ്രമങ്ങളും മഠങ്ങളും സ്ഥാപനങ്ങളും അഗ്നിക്കിരയാകുന്നതുകണ്ട് കരൾനൊന്തു തങ്ങളുടെ ജനങ്ങളോടൊപ്പം ഇറങ്ങിത്തിരിച്ച അനേകം വൈദികരെയും സന്ന്യസ്തരെയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ആഹാരവും വെള്ളവും മരുന്നും കിട്ടാതെ വഴിയരികിലും മലയോരങ്ങളിലും തളർന്നു വീഴുന്ന കുഞ്ഞുങ്ങളുടെ വേദനയെ ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽ സമർപ്പിക്കാം. മതവും ഭീകരതയും ഒരുമിക്കുന്നത് മനുഷ്യരെ മതത്തിൽനിന്നും ദൈവത്തിൽ നിന്നും അകറ്റാനേ ഉപകരിക്കൂ എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകുന്നതിനുവേണ്ടി കൈകൾ കൂപ്പാം. മതതീവ്രവാദവും മതനിഷേധവും ഒരുപോലെ ആപത്താണെന്ന തിരിച്ചറിവ് മനുഷ്യവംശത്തിനുണ്ടാകാനായി മനമുരുകി പ്രാർത്ഥിക്കാം.

മധ്യേഷ്യയിലും സുഡാനിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ചവിട്ടി അരയ്ക്കപ്പെടുന്ന മനുഷ്യന്റെ വേദന ഏറ്റുവാങ്ങുന്നതിനായി ഈ ദിവസത്തെ നമുക്ക് മാറ്റിവയ്ക്കാം. ഓഗസ്റ്റ് 17/24 ജീവന്റെ സംരക്ഷണദിനമായി നമുക്ക് ആചരിക്കാം. മതതീവ്രവാദത്തിനിരയായിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥനകളും പരിഹാരകർമ്മങ്ങളും അനുഷ്ഠിക്കാനും പ്രാർത്ഥനാസമ്മേളനങ്ങൾ നടത്താനും ആഹ്വാനം ചെയ്യുന്നു. 17/24-ാം തീയതിയിലെ വിശുദ്ധ കുർബാന വിശ്വാസത്തിനുവേണ്ടി പീഡനമേല്ക്കുന്നവർക്കും രക്തസാക്ഷിത്വം വരിക്കുന്നവർക്കുവേണ്ടി കാഴ്ചവയ്ക്കാം. ഈ ഒരാഴ്ചക്കാലം കുടുംബപ്രാർത്ഥനയിൽ അവരെ പ്രത്യേകം സ്മരിക്കുകയും ചെയ്യാം.

"നിന്റെ സഹോദരനെവിടെ?" എന്നു ചോദിക്കുന്ന ദൈവത്തിനുമുമ്പിൽ ആയുധം താഴെ വയ്ക്കാൻ അക്രമികൾ തയ്യാറായേ തീരൂ. ശരീരത്തിലും മനസ്സിലും മുറിവേറ്റ ആയിരങ്ങളുടെ ആത്മാക്കൾ ഇതിനുവേണ്ടി നിലവിളിക്കുന്നു. അധികാരത്തിന്റെയും അഹന്തയുടെയും പേരിൽ നടത്തുന്ന അക്രമങ്ങൾ മതത്തിന്റെ പേരുപറഞ്ഞ് ന്യായീകരിക്കാൻ യഥാർത്ഥ മതവിശ്വാസികൾ കൂട്ടുനില്ക്കരുത്. മനുഷ്യത്വരഹിതമായ ഇത്തരം തിന്മകളെ അപലപിക്കാൻ എല്ലാ മതവിശ്വാസികളും സന്മനസ്സുള്ള എല്ലാ മനുഷ്യരും മുന്നോട്ടുവരും എന്നു പ്രത്യാശിക്കുന്നു.

കേരള കത്തോലിക്കാമെത്രാൻസമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്ക ബാവ**
കെ.സി.ബി.സി. പ്രസിഡന്റ്

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ

---

NB: 2014 ഓഗസ്റ്റ് 24-ാം തീയതി ഈ സർക്കുലർ നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത